ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് വിതരണം ചെയ്യുന്ന ഫണ്ട്

26 [2163] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് ഫണ്ട് വിതരണം ചെയ്യാറുണ്ടോ;

(ബി) എങ്കിൽ 2001 മേയ് മുതൽ 2005 മേയ് വരെ ഈ വകുപ്പ് മുഖാന്തിരം ഏതെല്ലാം വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും എന്തു തുക വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിതരണം ചെയ്ത തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നുവോ;

(ഡി) ഈ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടതായി ഉറപ്പാക്കാൻ കഴിയുമോ?

ഉത്തരം

(എ) ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയല്ലാതെ നേരിട്ട് ഫണ്ട് വിതരണം ചെയ്യുന്നില്ല.

(ബി,സി,ഡി) ഉദിക്കുന്നില്ല.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രസഹായം

27 [2164] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സഹായങ്ങൾ ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സഹായത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഇനിയും അവശേഷിക്കുന്നവ ഏതൊക്കെയാണ്;

(ഡി) കേന്ദ്ര സഹായം ഏതെങ്കിലും യഥാസമയം വിനിയോഗിക്കാതെ lapse ആയി പോയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ദേശീയ പിന്നോക്ക വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (എൻ. ബി. സി. എഫ്. ഡി. സി.), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ. എം. ഡി. എഫ്. സി.), ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ. എച്ച്. എഫ്. ഡി. സി) എന്നീ സ്ഥാപനങ്ങളിൽനിന്നും വനിതാ വികസനത്തിനുള്ള വായ്പ തുക ലഭിച്ചുവരുന്നു. കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ വനിതാ ശിശുക്ഷേമ വകുപ്പുവഴി നൊറാഡ് പദ്ധതി, സ്റെപ്പ് (സപ്പോർട്ട് ഫോർ ട്രെയിനിംഗ് എംപ്ലോയ്മെൻറ് പ്രോഗ്രാം) പദ്ധതി, എന്നീ പ്രോജക്ടുകൾക്കും കേന്ദ്ര സഹായം ലഭിക്കുന്നു. താഴെ ചേർത്തിട്ടുള്ള പദ്ധതികൾക്കും കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്:

1. ബാലികാ സമൃദ്ധി യോജന
2. സംയോജിത സ്ത്രീ ശാക്തീകരണ പരിപാടി
3. ഉദ്ദിഷ്ട ട്രെയിനിംഗ് പ്രോഗ്രാം
4. സംയോജിത ശിശു വികസന പദ്ധതി
5. ഐ. സി. ഡി. എസ്സിന്റെ ഫേസ് 3 പ്രോജക്ട്
6. നാഷണൽ ന്യൂട്രിഷൻ മിഷൻ
7. ജുവനൈൽ നിയമപ്രകാരം നിരീക്ഷണ ഭവനങ്ങൾ സ്ഥാപിക്കുന്നതിന്
8. ജുവനൈൽ ജസ്റിസ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്

ഇതിൽ ഒന്നു മുതൽ 6 വരെയുള്ളവർക്ക് 100% ധനസഹായവും 7-നും, 8-നും 50% ധനസഹായവുമാണ് ലഭിക്കുന്നത്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര ഗവൺമെൻറ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്:

(എ) ദീനദയാൽ ഡിസേബിൾഡ് റീഹാബിലിറേഷൻ സ്കീം.

(ബി) വികലാംഗർക്കുള്ള ഉപകരണ വിതരണ പദ്ധതി (എ. ഡി. ഐ. പി. സ്കീം)

(സി) ഷോർട്ട് സ്റേ ഹോം

(ഡി) മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാൻറ് നൽകുന്ന പദ്ധതി

(ഇ) വൃദ്ധ സദനങ്ങൾക്ക് ഗ്രാൻറ് നൽകുന്ന പദ്ധതി

(എഫ്) പീഡനം അനുഭവിക്കുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കുന്ന സ്കീം

(ജി) തെരുവ് കുട്ടികളുടെ പുനരധിവാസത്തിനുള്ള പദ്ധതി

(എച്ച്) ദത്തെടുക്കലുമായി ബന്ധപ്പെട്ട ശിശുഗൃഹ പദ്ധതി

(ഐ) ജനാൽ ഗ്രാൻറ്-ഇൻ-എയ്ഡ് പദ്ധതി

(ബി) മുകളിൽ പരാമർശിച്ച എല്ലാ പദ്ധതികളും തുടർ പദ്ധതിയായതിനാൽ പ്രത്യേക നിർദ്ദേശങ്ങൾ സമർപ്പിക്കാറില്ല. വനിതാ വികസന കോർപ്പറേഷനെ സംബന്ധിച്ചിടുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(സി) ദേശീയ പട്ടികജാതി വികസന കോർപ്പറേഷനിൽ (എൻ. എസ്. എഫ്. ഡി. സി.) നിന്നും സഹായം ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സമർപ്പിച്ച സ്വാധർഹോം വർക്കിംഗ് വിമൻസ് ഹോസ്റൽ, സ്റെപ്പ് (മലപ്പുറം) തുടങ്ങിയ പ്രോജക്ടുകൾ ഇനിയും അനുവദിച്ചു കിട്ടിയിട്ടില്ല.

(ഡി ആൻറ് ഇ) നാഷണൽ ന്യൂട്രീഷൻ മിഷനു അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പ്രോജക്ടിന്റെ കാലാവധി കേന്ദ്ര സർക്കാർ ദീർഘിപ്പിക്കാതിരുന്നതുകൊണ്ടാണ് തുക ചെലവഴിക്കാ

LIBRARY ARCHIVES Kerala Legislative Assembly

നിരുന്നത്. കാലാവധി ദീർഘിപ്പിച്ചു തരുന്നതിന് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്.

തെരുവുകുട്ടികളുടെ സ്ഥിതിയെക്കുറിച്ച് പഠന സർവേ

28 [2165] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് സംസ്ഥാനത്തെ തെരുവു കുട്ടികളുടെ സ്ഥിതിയെക്കുറിച്ച് പഠന സർവ്വെ നടത്തിയിട്ടുണ്ടോ എന്നും എങ്കിൽ എന്തെല്ലാം കാര്യങ്ങളെക്കുറിച്ചാണ് പഠനം നടത്തിയതെന്നും രേഖപ്പെടുത്തിയ വിവരങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരുവു കുട്ടികളുടെ സ്ഥിതിയെക്കുറിച്ച് പഠന സർവ്വെ നടന്നുവരുന്നു.

(ബി) ഇല്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

29 [2166] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. (പി) നമ്പർ 10/99/പി: & എ.ആർ.ഡി. തിരുവനന്തപുരം, തീയതി 17-5-1999 പ്രകാരം ഏതൊക്കെ വകുപ്പുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ എത്ര വികലാംഗരെ വീതം സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) ജി.ഒ. (പി) നമ്പർ 33/2005/എസ്. ഡബ്ല്യു. ഡി. തീയതി തിരുവനന്തപുരം 5-3-2005 പ്രകാരം എത്ര വികലാംഗരെ ഏതൊക്കെ വകുപ്പുകളിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(സി) ഈ ഉത്തരവിൻപ്രകാരം ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ താൽക്കാലിക നിയമനം നേടിയ വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ ഉത്തരവിൻപ്രകാരം എന്നു മുതൽ എന്നു വരെ താൽക്കാലിക നിയമനം നേടിയവരെയാണ് സ്ഥിരപ്പെടുത്തിയത്;

(ഇ) ഈ തീയതികളിൽ ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ വികലാംഗർ താൽക്കാലികമായി ജോലി ചെയ്തിരുന്നോ; എങ്കിൽ ഏതൊക്കെ ബോർഡുകളിൽ, കോർപ്പറേഷനുകളിൽ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly